## പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.61 — 28.09.2016 ന് മറുപടിയ്ക്ക്

### വനാതിർത്തികളിലെ കൃഷിഭൂമികളുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.എൻ. ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്.തോമസ്. | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വന്യജീവികൾ വനാതിർത്തികളിൽ താമസിക്കുന്നവരുടെ കാർഷിക വിളകൾക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾ തടയുന്നതിന് നിലവിൽ വനംവകുപ്പ് അവലംബിച്ചുവരുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമാണ്; | (എ) വന്യജീവികൾ വനാതിർത്തികളിൽ താമസിക്കുന്നവരുടെ കാർഷിക വിളകൾക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾ തടയുന്നതിന്, നിലവിൽ സൗരോർജ്ജ കമ്പിവേലി, ആനപ്രതിരോധ കിടങ്ങ്, ആന പ്രതിരോധ മതിൽ, സ്റ്റീൽ ഫെൻസിംഗ് എന്നിവ നിർമ്മിച്ച് പരിപാലിച്ച് വരുന്നുണ്ട്. കൂടാതെ വന്യജീവികൾ വനത്തിനു പുറത്തേക്ക് വരുന്നത് തടയാനായി, വനത്തിനകത്ത് തന്നെ വന്യമൃഗങ്ങൾക്ക് ആവശ്യമായ +ജലവും ഭക്ഷണവും ഉറപ്പാക്കുന്നതിന് ചെക്ക് ഡാമുകളുടെ നിർമ്മാണം, ഫലവൃക്ഷതൈകൾ നട്ടുപിടിപ്പിക്കുക എന്നീ നടപടികളും സ്വീകരിച്ച് വരുന്നു. പ്രശ്നബാധിത മേഖലകളിൽ കാട്ടിൽ നിന്നും പുറത്തേക്കു വരുന്ന വന്യജീവികളെ കുറിച്ച് വിവരം ലഭിച്ച ഉടൻ തന്നെ എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികളെ അറിയിക്കുവാനും ജാഗ്രത പാലിക്കുവാനുള്ള നിർദ്ദേശം നൽകുവാനുമായുള്ള Early Warning SMS Alert System വയനാട്, മൂന്നാർ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. |

| | |
|---|---|
| (ബി) പ്രസ്തുത പ്രതിരോധ സംവിധാനങ്ങൾ കാർഷികവിളകളുടെ സംരക്ഷണത്തിന് ഫലപ്രദമാണോയെന്ന് വ്യക്തമാക്കുമോ; | (ബി) പ്രസ്തുത പ്രതിരോധ സംവിധാനങ്ങൾ കാർഷികവിളകളുടെ സംരക്ഷണത്തിന് ഒരു പരിധി വരെ ഫലപ്രദമാണെന്ന് കാണുന്നു. പ്രശ്നബാധിത മേഖലകളിൽ ഇത്തരം സംവിധാനങ്ങൾ ഘട്ടം ഘട്ടമായി നടപ്പാക്കി വരുന്നു. |
| (സി) കൃഷിഭൂമിയിലേക്ക് വന്യമൃഗങ്ങൾ പ്രവേശിക്കുന്നത് തടയുന്നതിന് കാലാകാലങ്ങളിൽ വനംവകുപ്പ് ചെലവഴിക്കുന്ന ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നിലവിലുള്ള സംവിധാനമെന്താണ്; | (സി) കൃഷിഭൂമിയിലേക്ക് വന്യമൃഗങ്ങൾ പ്രവേശിക്കുന്നത് തടയുന്നതിന് കാലാകാലങ്ങളിൽ വനം വകുപ്പ് ചെലവഴിക്കുന്ന ഫണ്ട് ഫലപ്രദമായി ഉപയോഗിക്കുന്നു എന്നുറപ്പു വരുത്തുന്നതിനായി അവലോകന യോഗങ്ങളും ഫീൽഡ് പരിശോധനകളും കൃത്യമായ ഇടവേളകളിൽ നടത്തുന്നുണ്ട്. |
| (ഡി) ഇപ്രകാരം മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിന് കേവലം ഫണ്ടിന്റെ വിനിയോഗം എന്നതിലുപരി ഫലപ്രദമായ പ്രതിരോധസംവിധാനങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) ഇത്തരം സംഘർഷങ്ങൾ കുറയ്ക്കുന്നതിന് കൂടുതൽ നടപടികൾ സ്വീകരിക്കും. ഫലപ്രദമായ പ്രതിരോധ സംവിധാനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കും. ഈ വിഷയത്തിൽ വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിലെ ജനപ്രതിനിധികളുമായി ചർച്ച നടത്തുകയും കേവലം ഫണ്ടിന്റെ വിനിയോഗം എന്നതിലുപരി ജനങ്ങളുടെ അഭിപ്രായങ്ങൾ കൂടി സ്വരൂപിച്ചുകൊണ്ട് കൂടുതൽ ഫലപ്രദമായ പ്രതിരോധ സംവിധാനങ്ങൾ നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം സംഘർഷങ്ങൾ കൂടുതലുള്ള മറ്റ് ജില്ലകളിലും ഉടൻ തന്നെ ഇത്തരം യോഗങ്ങൾ സംഘടിപ്പിച്ച് നിർദ്ദേശങ്ങൾ സ്വരൂപിക്കുകയും യുക്തമായ പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതുമാണ്. |

Valsala S.B
സെക്ഷൻ ഓഫീസർ